# ദൃശ്യമാധ്യമ രംഗത്ത് പ്രവേശിക്കണം

## മഞ്ഞളാംകുഴി അലി എം.എൽ.എ

**'ഏതെങ്കിലും** ഒരു സമുദായത്തിനോ സംഘടനക്കോ എതിരല്ല ഈ പത്രം എന്ന്' പ്രസ്താവനയിൽ അച്ചടിച്ചുകൊണ്ടാണ് 1949 ആഗസ്റ്റിൽ *പ്രബോധനം* ആരംഭിച്ചത്. അതുകൊണ്ടുതന്നെ *പ്രബോധന*ത്തിന് ഒരു ഭാഗത്തുനിന്നും എതിർപ്പുണ്ടാകാൻ വഴിയില്ലായിരുന്നു. പക്ഷേ, നേർവിപരീതമാണ് സംഭവിച്ചത്. പല ഭാഗത്തുനിന്നും അതിന് എതിർപ്പുണ്ടായി. സമുദായത്തിലെ പലരും *പ്രബോധന*ത്തിനെതിരെ രംഗത്തുവന്നു. *പ്രബോധനം* വായിക്കാത്തവരും കാണാത്തവർ പോലും അതിനെതിരെ മോശമായ അഭിപ്രായങ്ങൾ പ്രചരിപ്പിച്ചു. എന്നാൽ *പ്രബോധന*ത്തിന്റെ പിന്നിൽ പ്രവർത്തിച്ചവരുടെ മനക്കരുത്തും നിശ്ചയദാർഢ്യവുമാണ് പത്രത്തെ നിലനിർത്തിയതും വിജയിപ്പിച്ചതും. തിരൂരിൽനിന്ന് അച്ചടിച്ച് എടയൂരിലെ നമസ്കാരപ്പള്ളിയിൽ കൊണ്ടുവന്ന് എല്ലാ പണികളും ചെയ്ത് വിതരണം ചെയ്യാൻ ധാരാളം പേർ സന്നദ്ധ സേവനം ചെയ്തിരുന്നു. അതുകൊണ്ടുതന്നെയാണ് *പ്രബോധനം* ഇത്രയും വളർന്നത്.



*പ്രബോധനം* ഗൗരവത്തോടെ ഞാൻ കാണുന്നത് 1975-ലാണ്. അടിയന്തരാവസ്ഥക്കാലത്ത് ജമാഅത്തെ ഇസ്‌ലാമി നിരോധിക്കപ്പെടുകയും നിരവധി പ്രവർത്തകർ ജയിലിലാവുകയും ചെയ്തു. *പ്രബോധനം* നിരോധിക്കപ്പെട്ടു. അക്കാലത്ത് *പ്രബോധന*ത്തിന്റെ ഏതാനും പഴയ ലക്കങ്ങളും കുറച്ച് പുസ്തകങ്ങളും ഒരു ജമാഅത്ത് പ്രവർത്തകനെയും സംരക്ഷിക്കാൻ എനിക്ക് അവസരമുണ്ടായി. അന്നാണ് *പ്രബോധനം* ഞാൻ കാര്യമായി വായിച്ചത്. വളരെ കെട്ടുറപ്പുള്ള, വ്യക്തതയുള്ള ഒരു പത്രമായിട്ടാണ് എനിക്ക് *പ്രബോധന*ത്തെ മനസ്സിലാക്കാൻ കഴിഞ്ഞത്. സ്വന്തം ആളുകൾക്ക് അഭിമാനം തോന്നത്തക്കവിധത്തിൽ, മറ്റുള്ളവർക്ക് അസൂയ തോന്നുന്ന നിലയിൽ *പ്രബോധനം* മുന്നോട്ടുപോകണം.

പ്രാധാന്യപൂർവം എനിക്ക് പറയാനുള്ളത് *പ്രബോധന*ത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർ ദൃശ്യമാധ്യമരംഗത്തേക്ക് കടന്നുവരണം എന്നാണ്. പത്ര മാസികകൾക്ക് സ്ഥാനമുണ്ടെങ്കിലും ഇന്ന് ജനങ്ങളെ ഏറെ ആകർഷിക്കുന്നത് ദൃശ്യമാധ്യമങ്ങളാണ്. അതുകൊണ്ട് അതേക്കുറിച്ച് ഗൗരവത്തോടെ ചിന്തിക്കണം. എന്റെ സഹായ സഹകരണങ്ങൾ അതിനുണ്ടാകും. ■